# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കോളേജ്, പടന്നക്കാട്
പടന്നക്കാട് (പി.ഒ), കാസറഗോഡ് ജില്ല, പിൻ-671314, കേരളം

ഫോൺ: 91 467 2282699, 91 467 2280616, E-mail: coapad@kau.in


**നം. COAPAD/2627/2025-C1** **തീയതി: 03-10-2025**

**<u>പുനർദർഘാസ് പരസ്യം</u>**

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പടന്നക്കാട് കാർഷിക കോളേജിലെ അഗ്രിമ ഭക്ഷണശാല (കാന്റീൻ) നിബന്ധനകൾക്ക് വിധേയമായി ഏറ്റെടുത്ത് ഒരു വർഷത്തേക്ക് പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം ലഭിച്ച വനിതാ സംഘം / കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. കാന്റീൻ പ്രവർത്തനത്തിന് സൗകര്യപ്രദമായ കെട്ടിടം (വൈദ്യുതി/ജല സൗകര്യം അടക്കം) ആണ് ഒരുക്കിയിരിക്കുന്നത്. അതിലേക്ക് ആവശ്യമായ ഫർണീച്ചർ, അടുക്കളയിലേക്കാവശ്യമായ ഗ്യാസ്, വിറക് അടുപ്പുകൾ, പാത്രങ്ങൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എല്ലാം കരാർ ഏറ്റെടുക്കുന്നവർ/സംഘം സ്വന്തം ചെലവിൽ ഒരുക്കേണ്ടതാണ്.

**മാസ വാടകയുടെ നിരക്കാണ് (18% GST തുക ഉൾപ്പെടെ) ദർഘാസ് സമർപ്പിക്കുന്നവർ രേഖപ്പെടുത്തേണ്ടത്.**

| | |
|---|---|
| ക്വോട്ട് (Quote) ചെയ്യുന്ന മാസ വാടക നിരക്ക്<br>**(18% GST തുക പ്രത്യേകം കാണിക്കേണ്ടതാണ്)** | മാസ വാടക :<br>ജി എസ് ടി @ 18% : |
| അപേക്ഷകന്റെ പേരും മേൽവിലാസവും ഫോൺ നമ്പറും | |
| കുടുംബശ്രീ യൂണിറ്റ് / സംഘത്തിന്റെ പേരും വിലാസവും | |
| അറിവിലേക്കായി: 8260/- രൂപയിൽ (7000/- + 18 % GST) കുറയാത്ത വാടക നിരക്ക് ക്വോട്ട് ചെയ്തവ മാത്രമേ പരിഗണിക്കുകയുള്ളൂ. | |

ഭക്ഷണശാലയിലൂടെ ലഭ്യമാക്കേണ്ട ഭക്ഷ്യവസ്തുക്കളുടെ വിലവിവര പട്ടികയും (അനുബന്ധം-1) നിബന്ധനകളും (അനുബന്ധം-2) ഇതോടൊപ്പം അടക്കം ചെയ്തിട്ടുണ്ട്. പ്രസ്തുത വിലയിലും ഗുണത്തിലും ഭക്ഷ്യവസ്തുക്കൾ ഇതോടൊപ്പം അടക്കം ചെയ്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പാകം ചെയ്ത് വിതരണം ചെയ്യുവാൻ താൽപര്യമുള്ള വനിതാ സംഘം / കുടുംബശ്രീ യൂണിറ്റുകൾ മേൽപ്പറഞ്ഞ വിവരങ്ങൾ രേഖപ്പെടുത്തിയ ദർഘാസ് എഴുതി ഒപ്പിട്ട് താഴെപ്പറയുന്ന രേഖകൾ അടക്കം ചെയ്ത്, സീൽ ചെയ്ത് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. സമർപ്പിക്കുന്ന കവറിനുപുറത്ത് **“കാർഷിക കോളേജ്, പടന്നക്കാട് - അഗ്രിമ കാന്റീൻ (പടന്നക്കാട്) ഏറ്റെടുത്ത് നടത്തുന്നതിനുള്ള ദർഘാസ്”** എന്നെഴുതിയിരിക്കണം.

**<u>സമർപ്പിക്കേണ്ട രേഖകൾ</u>**

1. കുടുംബശ്രീ / സംഘത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
2. അപേക്ഷകന്റെ ഫോട്ടോ സഹിതം ഉള്ള തിരിച്ചറിയൽ രേഖ
3. പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് (ഉണ്ടെങ്കിൽ)

- ലഭ്യമായ കെട്ടിട സൗകര്യം ഓഫീസ് സമയത്ത് പരിശോധിക്കാവുന്നതാണ്.
- ദർഘാസ് നിരസിക്കുവാനോ, നീട്ടിവെക്കാനോ ഉള്ള അവകാശം ഡീനിൽ നിക്ഷിപ്തമായിരിക്കും.
- ദർഘാസുകൾ സ്വീകരിക്കുന്ന **അവസാന ദിവസം 09.10.2025 (വ്യാഴം)** - ന് ഉച്ചയ്ക്ക് ശേഷം **03.00** മണിവരെയാണ്. അന്നുതന്നെ **03.30** -ന് അവ തുറന്ന് പരിശോധിക്കുന്നതായിരിക്കും. വൈകി കിട്ടുന്നതോ അപൂർണ്ണമോ ആയ ദർഘാസുകൾ നിരസിക്കുന്നതായിരിക്കും.
- ക്വട്ടേഷൻ അംഗീകരിച്ച് കാന്റീനിന്റെ പ്രവർത്തനാനുമതി ലഭിക്കുന്ന സംഘം / കുടുംബശ്രീ യൂണിറ്റുകൾ സെക്യൂരിറ്റി ഡെപ്പോസിറ്റായി **18%** ജി എസ് ടി ഉൾപ്പെടെയുള്ള മൂന്ന് മാസത്തെ വാടക ഈ ഓഫിസിൽ അടയ്ക്കേണ്ടതാണ്.

സർക്കാർ/സർവ്വകലാശാല ദർഘാസ് നിബന്ധനകളെല്ലാം ഇതിനും ബാധകമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കേണ്ടതാണ്. **(ഫോൺ: 0467 2280616)**

**Dr. Sajitha Rani T**

**DEAN**

പകർപ്പ്:

1. നോട്ടിസ് ബോർഡ് (കോളേജ്./ഫാം -1 & 2)
2. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്
3. വില്ലേജ് ഓഫീസ് (കാഞ്ഞങ്ങാട് സൗത്ത് /നീലേശ്വരം)
4. മുൻസിപ്പാലിറ്റി (കാഞ്ഞങ്ങാട് /നീലേശ്വരം)
5. കുടുംബശ്രീ ജില്ലാ ഓഫീസ് (ഇ - മെയിൽ മുഖാന്തിരം)
6. കെ.എ.യു വെബ്സൈറ്റ്

**// അംഗീകാരത്തോടെ അയയ്ക്കുന്നത് //**

Signed by
Sudhir C
**സെക്ഷൻ ഓഫീസർ**
Date: 04-10-2025 12:44:19